ഭരണഭാഷ-
മാതൃഭാഷ

No.TRY/242/2025-F3(238173)

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി:15-03-2025

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-വിവിധ കോടതികൾ സമർപ്പിക്കുന്ന CCD/CrCD റീഫണ്ട് പേയ്മെന്റുകളിൽ ഉപയോഗിക്കേണ്ട ഫോറങ്ങളിൽ വ്യക്തത വരുത്തി നിർദ്ദേശം നൽകുന്നത്– സംബന്ധിച്ച്.

സൂചന:
1. വിവിധ ട്രഷറികളിൽ നിന്നും ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള കത്തുകൾ
2. ട്രഷറി ഡയറക്ടറുടെ 25/11/2022-ലെ 4682/2022-F3-TRY നമ്പർ കത്ത്
3. ബഹു: ഹൈക്കോടതിയുടെ 10/08/2023-ലെ HCKL/3837/2023-D 1 നമ്പർ ഒഫീഷ്യൽ മെമ്മോറാണ്ടം
4. ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർ പ്പിച്ചിട്ടുള്ള 14/02/2025-ലെ TRY/2877/2022-S1 നമ്പർ കത്ത്

വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോടതികളിൽ നിന്നും CCD/CrCD റീഫണ്ട് പേയ്മെന്റുകൾ നടത്തുന്നതിനായി സമർപ്പിക്കേണ്ട ഫോറങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ വിഷയം പരിശോധിച്ചു് അടിയന്തിര നിർദ്ദേശങ്ങൾ നൽകണമെന്ന് സൂചന (1) പ്രകാരം വിവിധ ട്രഷറി ഓഫീസർമാർ അപേക്ഷിച്ചിട്ടുണ്ട്.

CCD/CrCD അക്കൗണ്ടുകളിൽ നിന്നുള്ള റീഫണ്ട് ഉത്തരവുകൾ ഇ-കോർട്ട് എന്ന ആപ്ലിക്കേഷൻ വഴി online ആയി തയ്യാറാക്കി ട്രഷറികളിലൂടെ പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ ബഹു:

ഹൈക്കോടതിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ആയത് പൂർ ത്തിയാകുന്നതുവരെ CCD/CrCD അക്കൗണ്ടുകളിൽ നിന്നുള്ള റീഫണ്ട് ഉത്തരവുകൾ തയ്യാറാക്കി ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നിലവിൽ ഉപയോഗിക്കുന്ന ഫോമുകളിൽ സംസ്ഥാനമൊട്ടാകെ ഏകീകൃത സ്വഭാവം കൈവരുത്തുന്നതിനായി ബഹു: ഹൈക്കോടതി സൂചന (3) പ്രകാരം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അനുമതിക്കായി സൂചന (4) പ്രകാരം സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

ബഹു: ഹൈക്കോടതി സൂചന (3) പ്രകാരമുള്ള ഓഫീസ് മെമ്മോറാണ്ടത്തിൽ CCD, CrCD അക്കൗണ്ടുകൾക്ക് യഥാക്രമം FORM-68, FORM-38 എന്നീ ഫോറങ്ങളാണ് ഉപയോഗിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് എന്ന വിവരം അറിയിക്കുന്നു. ഈ വിഷയത്തിലുള്ള തുടർനിർദ്ദേശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 15-03-2025 11:39:48

**V SAJAN**

**DIRECTOR**